പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ടത് ചോദ്യം നമ്പർ 90 ....................................30.01.2019 ൽ മറുപടിയ്ക്ക്

## വന്യജീവി ആക്രമണത്തിൽ നിന്നും സംരക്ഷണം

| ചോദ്യം<br>ശ്രീ.പി.വി.അൻവർ<br>ശ്രീ.ഒ.ആർ.കേളു<br>ശ്രീ.കാരാട്ട് റസാഖ്<br>ശ്രീ.കെ.വി.വിജയദാസ് | | മറുപടി<br>അഡ്വ.കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | വന്യജീവികളുടെ ആക്രമണത്തിൽ നിന്നും കാർഷിക വിളകളെയും കർഷകരെയും രക്ഷിക്കുന്നതിന് എന്തെല്ലാം നൂതന പദ്ധതികളാണ് ആവിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ, | (എ) | ജനവാസ മേഖലകളിൽ വന്യമൃഗങ്ങൾ ഇറങ്ങുന്നത് തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നൂതന മാർഗ്ഗങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1 . വന്യജീവി ആക്രമണം രൂക്ഷമായ കാർഷിക മേഖലകളിൽ ക്യാമറാ ട്രാപ്പുകൾ സ്ഥാപിച്ച് വന്യജീവികളെ നിരീക്ഷിക്കുന്നതിനും, അവയെ തിരികെ കാട്ടിലേയ്ക്ക് ഓടിച്ചു വിടുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>2 . കാട്ടാനക്കൂട്ടങ്ങളുടെ സഞ്ചാരപഥം നിരീക്ഷിക്കുന്നതിനും യഥാസമയം വിവരങ്ങൾ കൈമാറുന്നതിനും വനമേഖലയിലെ വയർലസ് സംവിധാനങ്ങൾ ശക്തിപ്പെടുത്തിയിട്ടുണ്ട്.<br><br>3 . ജനവാസ മേഖലകളിൽ ഇറങ്ങി ജനങ്ങൾക്ക് ഭീഷണിയുണ്ടാക്കുന്ന കാട്ടാനകളെ തിരികെ കാട്ടിലേയ്ക്ക് കയറ്റി വിടുന്നതിനും, ആവശ്യമെങ്കിൽ പിടികൂടുന്നതിനും പരിശീലനം ലഭിച്ച കുങ്കിയാനകളുടെ സേവനം ഉപയോഗപ്പെടുത്തുന്നു.<br><br>4 . വന്യമൃഗങ്ങൾ കാർഷിക മേഖലയിലേയ്ക്ക് ഇറങ്ങുന്നത് സംബന്ധിച്ച് മുന്നറിയിപ്പ് കർഷകർക്ക് നല്കുന്നതിന് |

| | | | |
|---|---|---|---|
| | | | SMS Alert System സംസ്ഥാനത്ത് വന്യജീവി സംഘർഷം രൂക്ഷമായ വനാതിർത്തി പങ്കിടുന്ന 6 5 ജനവാസ മേഖലകളിൽ വിജയകരമായി നടപ്പിലാക്കിയിട്ടുണ്ട്. ഈ സംവിധാനം മറ്റ് സ്ഥലങ്ങളിലും വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>5.നാട്ടിലിറങ്ങി പ്രശ്നം ഉണ്ടാക്കുന്ന വന്യജീവികളെ മയക്കുവെടിവെച്ച് പിടിപ്പ് ഉൾക്കാട്ടിൽ വിടുന്നതിനാവശ്യമായ ട്രാൻക്വലൈസേഷൻ ഗണ്ണുകൾ വാങ്ങിയിട്ടുണ്ട്. ഇതിനാവശ്യമായ പരിശീലനം നല്കിവരുന്നു.<br><br>6 . ജനവാസ കേന്ദ്രങ്ങളിറങ്ങി നാശനഷ്ടങ്ങൾ ഉണ്ടാക്കുന്ന കുരങ്ങുകളെ പിടികൂടി വന്ധ്യംകരണം നടത്തി അവയുടെ സ്വാഭാവിക ആവാസ വ്യവസ്ഥയിലേയ്ക്ക് തിരികെ വിടുന്നുണ്ട്.<br><br>7 . മനുഷ്യ- വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി ജനപങ്കാളിത്തത്തോടെ രൂപീകരിച്ച ജനജാഗ്രതാ സമിതികൾ മുഖേനയുള്ള പ്രവർത്തനങ്ങൾ.<br><br>8. വന്യജീവികൾ ജനവാസ മേഖലകളിൽ ഇറങ്ങി ജനങ്ങളുടെ ജീവനും സ്വത്തിനും നാശനഷ്ടം വരുത്തുന്ന അടിയന്തിര സാഹചര്യം ഉണ്ടാകുമ്പോൾ സമയോചിതമായി പ്രവർത്തിച്ച് വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനും നാട്ടിലിറങ്ങിയ വന്യജീവികളെ കാട്ടിലേയ്ക്ക് തിരികെ തുരത്തുന്നതിനും ദ്രുതകർമ്മസേന (Rapid Response Team) യുടെ സേവനം വിനിയോഗിച്ചു വരുന്നു. വനം വകുപ്പിൽ നിലവിൽ 8 ആർ.ആർ.ടി കളും ഒരു എലിഫന്റ് സ്ക്വാഡും രൂപീകരിച്ചിട്ടുണ്ട്.<br><br>9 . കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി വയനാട് വന്യജീവി ഡിവിഷൻ, സൗത്ത് വയനാട് ഡിവിഷൻ, നിലമ്പൂർ സൗത്ത് ഡിവിഷൻ എന്നിവിടങ്ങളിലായി ആകെ 42 കിലോമീറ്റർ നീളത്തിൽ ക്രാഷ് ഗാർഡ് സ്റ്റീൽ റോപ് ഫെൻസിംഗ് |

| | | | |
|---|---|---|---|
| | | | നിർമ്മിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | വന്യമൃഗശല്യമുള്ള പ്രദേശങ്ങളിലെ കൃഷിയിടങ്ങൾ സംരക്ഷിക്കുന്നതിന് നിലവിൽ എന്തെല്ലാം ധനസഹായങ്ങളാണ് കർഷകർക്ക് നൽകി വരുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | വന്യമൃഗശല്യമുള്ള പ്രദേശങ്ങളിലെ കൃഷിയിടങ്ങൾ സംരക്ഷിക്കുന്നതിന് കർഷകർക്ക് ധനസഹായമൊന്നും വനം വകുപ്പ് നല്കുന്നില്ല. എന്നാൽ വന്യജീവികളുടെ ആക്രമണം നേരിട്ടവർക്ക് 1980-ലെ ദി കേരള റൂൾസ് ഫോർ പെയ്മെന്റ് ഓഫ് കോമ്പൻസേഷൻ റ്റു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് ആനിമൽസ് പ്രകാരം നഷ്ടപരിഹാരം നല്കുന്നുണ്ട്. 05.04.2018-ലെ സർക്കാർ ഉത്തരവ് (കൈ) നം. 17/2018/വനം പ്രകാരം വന്യജീവി ആക്രമണം മൂലമുള്ള വീട്ടുനഷ്ടം, കന്നുകാലി നഷ്ടം, വിളനാശം എന്നിവയ്ക്ക് നഷ്ടത്തിന്റെ 100% (പരമാവധി 1 ലക്ഷം രൂപ വരെ) നഷ്ടപരിഹാരം നല്കുന്നുണ്ട്. |
| (സി) | വന്യജീവി ആക്രമണത്താൽ വിളനഷ്ടം സംഭവിക്കുന്ന കർഷകർക്ക് കാലതാമസം കൂടാതെ നഷ്ടപരിഹാരം നൽകുന്നതിന് എന്തെല്ലാം നടപടികളാണ് വനം വകുപ്പ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | (സി) | അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നഷ്ടപരിഹാരം നല്കി വരുന്നു. കാലതാമസം ഒഴിവാക്കാൻ ഇ-ഡിസ്ട്രിക്റ്റ് മുഖാന്തിരം ഓൺലൈനായിട്ടാണ് ഇത്തരം അപേക്ഷകളിൽ നടപടി സ്വീകരിക്കുന്നത്. |

സെക്ഷൻ ഓഫീസർ